




# ഇ-സ്പന്ദനം

## ഡിജിറ്റൽ മാഗസിൻ
## 2024-25

# ആമുഖം

കാസർഗോഡ് ജില്ലയുടെ വിദ്യാഭ്യാസ ഭൂപടത്തിൽ മികച്ച സ്ഥാനം നിലനിർത്തി കൊണ്ട് പോകുന്നതിൽ ലിറ്റിൽ കൈറ്റ്സിന് നല്ലൊരു പങ്കുണ്ട്. 2018–ൽ 40 കുട്ടികളുമായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഇന്ന് 200–ൽ അധികം കുട്ടികളുമായി തങ്ങളുടെ ജൈത്രയാത്ര തുടരുകയാണ്. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി തങ്ങളുടെ കഴിവിന്റെ പരമാവധി ഉല്പന്നങ്ങൾ കാഴ്ച വയ്ക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിന്റെ പേര് ഉയർത്തിക്കാട്ടാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സംഭാവന വളരെ വലുതാണ്. കാസർഗോഡ് ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള ആവാർഡും നമ്മുടെ സ്കൂളിന് ലഭിച്ചു. ഈ ജൈത്രയാത്രയുടെ ചെറിയൊരു ഭാഗമാകാൻ ഇ–സ്പന്ദനം എന്ന മാഗസിനും കഴിയട്ടെ എന്ന് പ്രാർത്ഥനയോടെ...

ലിറ്റിൽ കൈറ്റ്സ് ടീം.

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എക്സിക്യൂട്ടീവ് എഡിറ്റർ : ശ്രീ മനോജ് കുമാർ പി. വി**
**ഹെഡ്മാസ്റ്റർ**

**ചീഫ് എഡിറ്റർ : അർച്ചന എം. കെ** (കൈറ്റ് മിസ്ട്രസ്സ്)

**അംഗങ്ങൾ : ഷീബ ബി. എസ്** (കൈറ്റ് മിസ്ട്രസ്സ്)
**പ്രസീന എം** (കൈറ്റ് മിസ്ട്രസ്സ്)
**ശ്രീകുമാർ പി. വി** (കൈറ്റ് മാസ്റ്റർ)
**ദേവദർശൻ ബി** (ലിറ്റിൽ കൈറ്റ്സ്)
**ഇഷാൻ ജെംഷീദ്** (ലിറ്റിൽ കൈറ്റ്സ്)
**ആദിഷ് വിജേഷ്** (ലിറ്റിൽ കൈറ്റ്സ്)

**കവർ ഡിസൈനിങ്ങ്: അർച്ചന എം. കെ**

# GREETINGS



Dear Team,

My heartfelt congratulations to the entire team of Little Kites for the outstanding work done by the Little Kites Unit.Your dedication to nurturing young minds  is truly commendable.


I am thrilled to share our appreciation for the wonderful content you provide,which inspires and educates our students.

My warm congratulations for your team's tireless efforts.I wish you continued success in inspiring and shaping young minds.

Sincerely,

T K Aseena Abid
Manager,CHSS

# ആശംസ



കുട്ടികളുടെ സാങ്കേതിക മികവിന്റെ പഠന യാത്രയിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ അങ്ങേയറ്റം പ്രശംസിക്കപ്പെടേണ്ടതാണ്. ഈ മാഗസീനിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എല്ലാവിധ അഭിനന്ദനങ്ങളും പിന്തുണയും അറിയിച്ച് കൊള്ളട്ടെ

–ശ്രീ. മുഹമ്മദ് ഇക്ബാൽ
പി.ടി.എ പ്രസിഡണ്ട്

# ആശംസ



ഐ ടി കൂട്ടായ്മയുടെ ഭാഗമായി രൂപം കൊണ്ട ലിറ്റിൽ കൈറ്റ്സ് ഐ ടി മേഖലയിലേക്കുള്ള വാഗ്ദാനങ്ങളായ കുട്ടികളുടെ വിജ്ഞാനം വർധിപ്പിക്കുന്നു. ഡിജിറ്റൽ മാഗസിൻ പോലുള്ള സംരംഭം തീർച്ചയായും കുട്ടികളുടെ കരവിരുത് പ്രകടിപ്പിക്കാനുള്ള സംരംഭം തന്നെയാണ്. ഈ സംരംഭം വിജയകരമായി മുന്നോട്ട് പോകുവാൻ എല്ലാവിധ ആശംസകളും നേരുന്നു.

ടോമി എം. ജെ
പ്രിൻസിപ്പൽ

# ആശംസ



അറിവും ഭാവനയും കോർത്തൊരുക്കി തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സിന്റെ ഈ സംരഭത്തിന് പിന്നിൽ പ്രവർത്തിച്ച്, സഹകരിച്ച ഏവർക്കും അഭിനന്ദനങ്ങൾ. കലയും, സാഹിത്യവും സാങ്കേതിക വിദ്യയും ഒത്തുചേർന്നു വളർത്തുന്ന പ്രവർത്തനങ്ങൾ ഇനിയുമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

- മനോജ് കുമാർ പി. വി
ഹെഡ്മാസ്റ്റർ

# ആശംസ



സാങ്കേതിക വിദ്യയുടെ മികവുകൾ പ്രയോജനപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് ടീം തയ്യാറാക്കിയ ഇ–സ്പന്ദനം എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

ഷീബ ബി എസ്

കൈറ്റ് മിസ്ട്രസ്സ്

# ഉള്ളടക്കം

## കവിതകൾ, കഥകൾ

നാശത്തിലേക്കോ ഈ യാത്ര ................11
ഭൂമി ദേവി ..........................................12
നിലതെറ്റിയ നമ്മൾ .............................13
അമ്മ ....................................................14
ആ മഴയിൽ .........................................15
അമൂല്യ ജലം .......................................17
ഇന്റർനെറ്റ്-വിപ്ലവത്തിന്റെ ഒരു മായാലോകം ..18
തനിയെ ...............................................20
പ്രകൃത്യംബ .........................................21

## Poem & Story

Poor man's wealth ..............................23
morning dews .....................................24
I'm a teenager ....................................25
starry night .........................................26
വരകൾ, വർണങ്ങൾ .........................28-29
പ്രവർത്തനങ്ങൾ മികവുകൾ .............30-47

# കവിതകൾ, കഥകൾ

# നാശത്തിലേക്കോ ഈ യാത്രാ?

ആദിത്യപൊൻകിരണങ്ങളാൽ ശോഭിച്ചോരാ പ്രകൃതി
മലരിന്റെ തൂമയാൽ തിളങ്ങുന്നൊരു ഭൂമി
സർവ്വചാരചരങ്ങൾക്കും മടിത്തട്ടേകിയൊരാ ധരണി
കളകളമാം നദിയും മനോഹരമാമടവിയും
കുടികൊള്ളുന്നൊരു ജനനി
ഇന്നിതാ മർത്യപീഢനമേറ്റാസന്നമരണ–
ത്തിലേക്ക് കുതിക്കുന്നു.
ഒരിക്കൽ സുന്ദരിയായി നദിയായൊഴുകിയവൾ
ഇന്നിതാ ചുട്ടുരക്തം പൊഴിയാറായി നിൽക്കുന്നു
ജീവവായുവാം മരങ്ങൾ വെട്ടിമാറ്റി
കുറ്റൻ കെട്ടിടങ്ങൾ കെട്ടിപ്പൊക്കുമ്പോൾ
മർത്യാ, നീയറിയുന്നുവോ അതുനിന്റെ
നാശത്തിലേക്കാണെന്ന്?
കഠിനഹൃദയരാം മാനവർ സവ്ത്രക്ഷേപണം
ചെയ്യുന്നുവിന്നീ ഭൂവിനെ
പച്ചപ്പുതച്ചുകിടന്നിരുന്നൊരാ ജനനിയ
വീണ്ടുമൊരു നോക്ക് കാണാൻ കഴിഞ്ഞെങ്കിൽ ....
മാതൃസ്നേഹം നൽകുന്നൊരാ ഭൂമിയ്ക്ക്
മാനവനെന്തേ പുത്ര സ്നേഹം നൽകുനില്ലേ

- ശ്രീകൃപ. കെ

9 L

# ഭൂമി ദേവി

ദേവി തൻ മിഴിയിൽ നിറഞ്ഞാശ്രു
അഹങ്കാരിയും നിഷേധിയുമായിക്കഴിഞ്ഞി-
രുന്നാദേവിയുടെ മക്കളെ നോക്കി
"എന്തിനീ ദുഷ്ടത അമ്മയോട്"
"എന്തിനീ ദുഷ്ടത അമ്മയോട്"
തായതൻ കടുംനിണയെ കുറിച്ചൊരു നോക്കു-
പോലും നിഷേധിച്ചവരും കൊന്നിടുമ്പോൾ.
മാനുഷ്യവംശത്തിന് ജന്മം നൽകി
അവർക്കും ശത്രുവാണമ്മ.
സംരക്ഷത്തിനായ് ഭൂമിയെ നൽകി
അധികമായ അമൃത്പോലെ അധികപ്പറ്റായവർ
അംബയുടെ സർവജീവജാലങ്ങളായ മക്കളെ
ആവാസവ്യവസ്ഥയോടൊപ്പം ഇടിച്ചുനിറത്തി-
ട്ടുമ്പോൾ അതികഠിനമായ നോമ്പരത്താൽ
ഹൃത്തടം കരിഞ്ഞുണങ്ങവെ
ഓർത്തുപോയൊരാ പിൽക്കാല സ്മരണകൾ
ശ്രീ ഹാസം തൂകുന്നൊരാഭൂമി...
മാതൃത്വം കൊതിക്കുന്നൊരാഭൂമി...

- ശിവ കൃഷ്ണൻ
9 L

# നിലതെറ്റിയ നമ്മൾ

കാക്ക കരിച്ചിൽ കുറഞ്ഞു
പൂമ്പാറ്റകൾ മറഞ്ഞു
കടലുകൾ വലിയുന്നു
പുഴകളിലോളം തെറ്റുന്നു
മഴ കാലം തെറ്റി പെയ്യുന്നു
കാട്ടു മൃഗങ്ങൾ കാടു വിടുന്നു
തവള കരച്ചിൽ കേൾക്കാനില്ല
ചീവിടുകൾ കരയാറില്ല
ഭൂമി ഭ്രമണം പാളുന്നു
നീരുറവകൾ താഴുന്നു
കുന്നുകൾ ഇടിയുന്നു
വയലുകൾ മറയുന്നു
പച്ചപ്പിന കാഴ്ച്ചകൾ-
ഇല്ലാകതാകുന്നു.
പ്രതീക്ഷകൾ തൻ വെളിച്ചം.
അസ്തമിക്കുന്നു
ഇരുളടഞ്ഞ പാതകൾ എന്നെ-
ഭയപ്പോടുത്തുന്നു
പ്രത്യാശ തൻ ഇത്തിരി
വെട്ടത്തിന് ഞാൻ പരതുന്നു.

പാർവണ മേലത്ത്
9 L

# അമ്മ

മനസ്സിൽ ആശ്വാസമായെന്നും വന്നുദിക്കുന്ന
അമ്മതൻ വിളി കേൾക്കാൻ തുടിക്കുന്നു ഹൃദയം
ദൈവം എനിക്കായ് ഭൂമിയിലേക്കയച്ച
ജീവമാർഗദർശിനിയാണമ്മ.
കുടുംബത്തിന്റെ അണയാത്ത വിളക്കായ അമ്മ
എനിക്കെന്നും ദേവിതുല്യം
അപ്രമേയമായ അമ്മതൻ സ്നേഹം
മൃതിയായാലും നമ്മെ വിട്ടുപോകില്ല.
വീടിനെന്നും കാവൽ മാലാഖയെപോലെ കുടികൊള്ളും
അമ്മതൻ പ്രകാശം എന്നുമെൻ ഐശ്വര്യം
പ്രകാശിച്ചു നിൽക്കുന്ന അമ്മതൻ ആസ്യം
മനസ്സിനെന്നും ധൈര്യമേകുന്നു
മധുരമുള്ളൊരു ഓർമ്മക്കായ് തിങ്ങളുന്ന മൃതുഹാസം
സമ്മാനിച്ച അമ്മയെ ഞാൻ ദൈവത്തെപോലെ
മനസ്സാൽ കൈകൂപ്പി വണങ്ങുന്നു.
ഈശ്വര സ്ഥാനം മനസ്സിൽ അർപ്പിച്ച എൻ
അമ്മയെകുറിച്ച് എഴുതിയാൽ തീരുമോ...
പൂവുപോൽ വിടർന്നുനിൽക്കും ഈ അമ്മയുടെ അനുഗ്രഹം
എന്നിലെന്നുമുണ്ടാവണെ...
ജീവിതത്തിൽ സുകൃതം ചെയ്യ്ത ഈ അമ്മയെ
എനിക്കു സമ്മാനിച്ചതിന് ഞാൻ നന്ദി–
അർപ്പിക്കുന്നു ദൈവങ്ങളെ....

ശിവന്യ. എം
9L

# ആ മഴയിൽ

ഒത്തിരി നേരമായി ഒരു ബസ്സിനായി കാത്തിരിക്കുന്നു. ആകാശത്ത് കാർമേഘങ്ങൾ
പതുക്കെ സൂര്യനെ മറയ്ക്കാൻ തുടങ്ങി. ഞാനാണെങ്കിൽ കുടയുമെടുത്തില്ലായിരുന്നു.എന്റെ ആശങ്കയ്ക്ക് വിരാമമെന്നവണ്ണം ഒരു ബസ് വന്നു. നല്ല തിരക്കായിരുന്നു. ഒത്തിരി നേരത്തെ നിൽപ്പിന് ശേഷം എനിക്കൊരു സീറ്റ് ഒഴിഞ്ഞുകിട്ടി. ഞാൻ പുറത്തേക്ക് കണ്ണോടിച്ചു. കാർമുകിൽ തന്റെ കണ്ണനീർ പുറത്തേക്ക് ഒഴുകാതെ വിങ്ങുകയാണ്. അതിന്റെ രോദനം എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിന്നു. അതിനിടയിൽ കണ്ടക്ടർ ഞാനിറങ്ങേണ്ട സ്റ്റോപിന്റെ പേര് കൂവി വിളിക്കാൻ തുടങ്ങി. ഞാൻ ചെറിയൊരമ്പരപ്പോടെ എഴുന്നേറ്റു. പതുക്കെ പുറത്തേക്കിറങ്ങി. ഒരു ചെറിയ തണുപ്പോട് എത്തിയ കാറ്റ് എന്നെ തഴുകി. ഞാൻ ഒന്ന് ഭാസ്കരേട്ടന്റെ കടയിൽ കയറി.

“ഒരു കുടയുണ്ടാകുമോ ചേട്ടാ.
ഞാൻ ഇന്ന് എടുക്കാൻ
മറന്നുപോയി. മഴ നനഞ്ഞാൽ ഈ
ഫയലുകളെല്ലാം മോശമാകും. ഞാൻ നാളെ രാവിലെ എത്തിക്കാം.”
ഞാൻ എന്റെ ആവശ്യം ഉണർത്തിച്ചു. അദ്ദേഹം ഒരു മടിയും കൂടാതെ എനിക്ക് കുട എടുത്തു തന്നു. അപ്പോൾ ഒരു പെൺകുട്ടി തന്റെ കീറിയ കുപ്പായത്തോട് ചേർത്ത് ഒരു പൊതിപിടിച്ചോടുന്നത് ഞാൻ ശ്രദ്ധിച്ചു. “അതാരാ ചേട്ടാ ആ കുട്ടി ഇതിനു മുമ്പ് ഇവിടെ കണ്ടിട്ടില്ലല്ലോ". “ഓ അതോ അത് ആ തീപ്പെട്ടി കമ്പനിയിലെ തമിഴന്റെ മകളാണ്.”

അദ്ദേഹത്തിന്റെ ഉത്തരം കേട്ട അവളെകുറിച്ച് കൂടുതൽ അറിയാൻ എനിക്ക് കൗതുകം തോന്നി. ഞാൻ അവളുടെ പിറകെ പോയി. അവൾ തന്റെ ഓലമേഞ്ഞ കുടിലിലെത്തി. അവൾ ആരേയോ വിളിച്ചു. ഒരു കുഞ്ഞുപയ്യൻ പുറത്ത് വന്ന് അവളുടെ കൈയിലെ പൊതി

വാങ്ങി. അതിലുണ്ടായ ഭക്ഷണം കഴിച്ചു. അവൾ അവനോട് എനിക്കും വേണമെന്നു പറഞ്ഞു. ഇതു കേട്ടുവന്ന അമ്മ അവളെ ശകാരിച്ചു "അനുജനോട് ഇതുപോലൊന്നുയൊന്നും പറയരുത്. നീ നാളെ കഴിച്ചാൽ മതി." "എനിക്ക് വിശക്കുന്നമ്മേ ഒരാഴ്ചയായി ഞാൻ വല്ലതും കഴിച്ചിട്ട്" അവൾ പറഞ്ഞത് കേട്ട ഞാൻ ഒന്ന് ഞെട്ടി. അവളോട് അമ്മ പുറത്തേക്ക് പോകാൻ പറഞ്ഞു. അവൾ തന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊഴിച്ചുകൊണ്ട് കടൽതീരത്തേക്ക് പോയി. ഞാൻ പിറകെ പോയി. അവൾ എന്നെ കണ്ടിരിക്കുമോ എന്ന വ്യാധി എനിക്കുണ്ടായിരുന്നു. അവൾ അവിടെ നിന്ന് പൊട്ടിക്കരഞ്ഞു. അവളുടെ കണ്ണുകൾക്ക് താങ്ങാനാകാത്ത കണ്ണീരും കരിമുകിലിന് താങ്ങാനാകാത്ത കണ്ണീരും ഒന്നിച്ചൊലിച്ചിറങ്ങി.

Nivedhya
9 J

# അമൂല്യ ജലം

ഒരിറ്റു വെള്ളത്തിന് മഹത്വമറിയുവാൻ
ദാഹമെന്തെന്നറിഞ്ഞിടേണം.
ജലത്തെ പാഴാക്കുന്നവർ
ജലത്തിന്റെ വിലയറിഞ്ഞിടണം
സൂക്ഷിക്കണം ജലത്തെ നാം
വരൾച്ചയ്ക്ക് മുൻകരുതലായ്
ഭൂമിയിലെ അമൂല്യ ജലത്തെ
പാഴാക്കുന്നത് പാപമാണ്.
ചിന്തിച്ചു നോക്കൂ ജലമില്ലാത്ത അവസ്ഥ!
വെള്ളം പാഴാക്കി നാം സ്വയം വരുത്തിവയ്ക്കുന്ന–
വരൾച്ചയെ വറ്റിവരണ്ട ഭൂമിക്കുമേൽ
പെയ്തൊഴിയുന്നൊരു പേമാരിയെ
കെട്ടിതടഞ്ഞു നാം നിർത്തിടേണം.
ഭൂമിക്കൊരാശ്വാസമേകിടുവാൻ.
സൂക്ഷിച്ചിടേണമീ നീർത്തടത്തെ
വരൾച്ചയ്ക്ക് മുൻകരുത്തലായ്
പാരിനുറവ ഊറ്റിക്കുടിക്കുന്ന
പുത്തൻ തലമുറ പിന്തുടരുന്ന
കുഴൽ കിണറെന്ന പ്രതിഭാസത്തെ തടയുക.
ഒന്നിച്ച് നിന്ന് ഭൂമിയെ കാക്കാം
കാടുകൾ വെട്ടിതെളിക്കാത മാലിന്യം കൊണ്ട് നിറച്ചിടാതെ
ഭൂമിദേവിയെ നാമെന്നും കാത്തിടുകിൽ
നന്മ നിറഞ്ഞിടും ലോകമെങ്ങും
അമൂലടമാം കുടിനിര് പാഴാക്കരുതേ!..

Sooryasree M
9 L

# ഇന്റർനെറ്റ് – വിപ്ലവത്തിന്റെ ഒരു മായാ ലോകം.

ഇന്റർനെറ്റ് യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഇന്റർനെറ്റ് ജീവിതത്തിൽ ഒരു ഭാഗമായി ഒഴിച്ചു കൂടാൻ കഴിയാത്ത ഭാഗമായി മാറി എന്നത് ഒരിക്കലും നിഷേധിക്കാന കഴിയില്ല്. ഇന്റർനെറ്റ് സോഷ്യൽ മീഡിയയെ രൂപികരിച്ചു. ജീവിതത്തിൽ നിന്ന് ഒഴിവാക്കാൻ ഏറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ട ഒരു അഭിവജ്യഘടകമായി ഇത് മാറി കഴിഞ്ഞു.

ഇന്റർനെറ്റ് എന്നത് 20-ാം നൂറ്റാണ്ടിന്റെ അവസാനം ആരംഭിച്ച ഒരു വിവരസാങ്കേതിക വിപ്ലവമാണ്. 1960-കളിൽ മിലിറ്ററി ആവശ്യങ്ങൾക്കായി വികസിപ്പിച്ച് ഒരു നെറ്റ്വർക്ക് ആയ ARPANET ആയി ഈ യാത്ര ആരംഭിച്ചു.

കേൾവിയിലുടെയുള്ള പഠനത്തിനുള്ള അവസരം, ലോകത്തെ തന്നെക്കുറിച്ചു ള്ള അറിവുകൾ നേടാൻ സഹായിക്കുന്നു. വിദ്യാർത്ഥിക ളെ അറിവിന്റെ സമുദ്രത്തിൽ എത്തിക്കാൻ ഇന്റെർനെറ്റി ന് കഴിയും. വിദ്യാർത്ഥിക ൾക്ക് വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആളുകളുമായി ബന്ധപെടാൻ, വൈവിധ്യമാർ ന്ന അഭിപ്രായങ്ങൾ കേൾക്കാൻ, പുതിയ ആശയങ്ങൾ പങ്കുവയ്ക്കാൻ അവസരമാവുന്നു.



ഇന്റർനെറ്റ്, സാങ്കേതികതയുടെ ഒരു മഹത്തായ നേട്ടമാണ്.

"ഡിജിറ്റൽ ലോകത്ത് ഉറങ്ങുന്ന ചിന്തകൾ
ആശയങ്ങൾ പടർന്നെത്തുന്ന വേഗത്തിൽ

നേരുകൾ ബന്ധിപ്പിച്ചും, പാതകൾ കുറച്ച്,
അനന്തമായ സന്ധികളിൽ തീരവില്ലാൻ."

ഈ കവിത ഇന്റർനെറ്റിന്റെ സഹായത്തോടെ എങ്ങനെ

ആശയങ്ങൾ വേഗത്തിൽ വ്യാപിക്കുന്നു എന്ന് കാണിക്കുന്നു. അതേസമയം ഡിജിറ്റൽ ബന്ധങ്ങളിൽ നാം എങ്ങനെയോ നഷ്ടപ്പെടുന്നു എന്നുള്ള അനുഭവത്തെ ഉൾക്കൊള്ളുന്നു.

Wikipedia, Youtube, MOOCs തുടങ്ങിയ വെബ്സൈറ്റുകൾ, പഠനത്തിന്റെ പുതിയ ദിശകളെ തുറന്നു നിർത്തുന്നു. ഇന്റർനെറ്റ്, വ്യക്തികൾക്കായി പിന്തുണനൽകുന്ന പ്ലാറ്റ്ഫോമായിട്ടുണ്ടെങ്കിലും

അതിന്റെ അതി കൂടുതൽ ഉപയോഗം ചിലവയ്ക്കാൻ കാരണമാവുന്നു. ചിലപ്പോൾ സംഘർഷവും ഏകാന്തതയും ഉളവാക്കുന്നു.

അധികമായാൽ അമൃതും വിഷമെന്ന പോലെ ഇന്റർനെറ്റ് ഉപയോഗം അമിതമാവതെ നിയന്ത്രിച്ചാൽ ജീവിത്തതിൽ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. ഇന്റർനെറ്റ് നമുക്ക് പരസ്പരം സംവദിക്കാനും വിവരങ്ങളുടെയും ആശയങ്ങളുടെയും സംരക്ഷണവും പ്രാധാന്യമർഹിക്കാനും വേണ്ടി ഒരുമിച്ച പ്രവർത്തിക്കാം. ഇന്റർനെറ്റ് ജീവിതത്തിൽ ഉപയോഗപ്രദമാക്കാം. അടുത്ത തലമുറയെ ആധുനികതയുടെ പുതിയ ലോകത്തേക്ക് വാർത്തെടുക്കാം

# തനിയെ

ചിരിതൂകി കളിയാടിയവരെത്തുമ്പോൾ
മന്ദഹാസം തെളിനീരുതീർക്കും
ഏകയായ് ഞാനിന്നും അവരെ അനുഗമി–
ക്കുമ്പോൾ വേറിട്ട പട്ടംപോൽ
വേദനയിൽ ചിരിതൂകിനിന്നിടുന്നു.
ഞാനറിയുന്നിതാ ഞാൻ ഏകയാണെ–
വിടെയും എന്നും.
പിടിതരാതെ പിടയുന്നൊരാ
ചിന്തകൾക്ക് ശമനം ആഗ്രഹിക്കുന്നു.
ഒപ്പം കൂട്ടുവാൻ ആരുമേയില്ലെന്ന്
ഞാനറിയുന്നിതാ.... ഈൗൾക്കൊള്ളുന്നിതാ..
ചിറകൊടിഞ്ഞൊരാ പക്ഷിതൻ നോമ്പരം
കേൾക്കുവാൻ ആരുണ്ട്?
തെളിനീർകണങ്ങൾ മാത്രം....

ശിഖ കൃഷ്ണൻ
9L

# പ്രകൃത്യംബ

പൊൻവെയിലിൽ ശോഭ ചോരും
പൂക്കൾതൻ മന്ദഹാസം
നൂതനോന്മേഷം പകർന്നിന്നിട്ടും
മാരുതസഞ്ചാരവീഥി
ജനനിതൻ സ്നേഹമാം തീർഥം
ലക്ഷ്യത്തിലെത്താൻ കുതിക്കുന്നു
വെട്ടിനശിപ്പിക്കുന്ന വനഭ്രൂമിയായ്
രൗദ്രമുഖഭാവം ആടിക്കളിക്കുന്നു.
പ്രകൃതിതൻ രൂപമാറ്റം വരിക്കുന്ന
മാനുഷസൃഷ്ടിയെ തൻ ചില്ലകളാൽ
നൃത്തം ചെയ്ത് സ്വാഗതമേൽക്കുന്ന
വിസ്മയമാം വൃക്ഷലതാതികൾ
സർവചരാചരങ്ങളെയും തൻ
മടിയിലേറ്റി താലോലിക്കും
തായിയാം പ്രകൃതിയെ എന്തിനു
മുറിവേൽപ്പിക്കുന്നു മർത്യൻ?
ഈ പച്ചയാം സൃഷ്ടിയെ
എന്തിനു കൊന്നിടുന്നു?
ധരണിതൻ ആധാരമാം പ്രകൃതിയെ
ഞാൻ ശിരസ്സാൽ വന്ദിക്കുന്നു....

പ്രണവ്യ. എം
9L

# POEM $ STORY

# Poor man's wealth

One day A rich man decided to take his son on a trip throughout the country. He wanted to teach with how poor People live and wanted him to be thankful for his wealth.

They lived in a poor man's farm for 3 day. Returning back home the rich man asked his Son about the trip and the things he saw.
The son answered: I saw that we have servants, but they serve other. we have a dog they have four. We have lanterns at home, they have stars, we have buy our food and they grow theirs, we have large walls to protect us and they have friends to protect them.
and finally the son added: “ thanks dad for showing me how poor I am"



# MORNING DEWS

Morning dew kissed the foggy dawn,
Lonely paths unwound, lazy hours born.
Cold and chilling, the morning's sway
Beckoned me to grab a blanket and drift away.
A light, soft breeze caressed my sleepy face, Leaving a gentle touch, a loving embrace.
It stirred a glow within, a sense of peace
That wrapped my soul in warmth, my heart release.
I wrapped the blanket tight and swung around,
Surrendering to slumber, a peaceful sound.
The windows of my room creaked like a gate
To Mother Nature's realm, where love and magic wait.
Stepping on rose petals, soft as the foggy path,
A spark of light illuminated the way, a gentle aftermath.
A pole dropped from heaven, a gift from above,
Fell on my cheeks, warm, brass, and full of love.
A spark that blew away my sorrows, an arrow that pierced,
Filling my heart with new thoughts, new goals, and release.
A crystal bubble formed, a soft, shimmering light,
Making my day, banishing the dark of night.

Niveditha M
11th std

# I'M A TEENAGER!

Teenagers, like autumn, they drift
Caught between the dawn and twilights shift.
A whispered poem in their eyes,
A world unseen beneath the skies.

They wear their heads like fragile glass, Dreams collide, yet moments pass.
In the quiet hum of fleeting days,
They search themselves in endless way.

In restless hearts, the questions grow, What paths to take? which way to go?
With every step, they search for light, In shadows deep, they find their light.

The world is wide, the future is near,
But in their minds, the doubts still appear.
A journey long, with limits untold,
Teenagers are both young and told.

Silent questions, loud and clear,
They search for answers they hold dear.
Not yet grown, yet far from small,
Teenagers – so much, yet none at all.

Devika Nair C
9 M

# STARRY NIGHT

This starry night, it whispers low,
A reminder of a thought that long ago, Pierced through my hurt, a faith that shone,
When darkness reigned, and I felt overthrown.
I thought I'd lost everything, falling apart,
Sick at heart, drowning in cruel fate's dark art.
But in that starry night, a glimmer of hope appeared,
A shoulder to lean on, a light that my soul had feared.
The city streets went silent, yet in the stillness, they spoke,
Even the darkest alleys seemed to brighten, my fate to invoke.
Healing and peace, a pleasant sight to behold,
As I wandered through the streets, hope leading me, young and old.
I didn't know the path, or the place, but hope guided me through,
The stars shed rays of hope upon my heart, dark as the night,
And though I didn't know, it led me back to life, back to the light.

Niveditha M
11th std

# വരകൾ, വർണങ്ങൾ









Prajwal
9 B



Abhishek chandran M
10 G



Akash P
10 G




Shikha Mohan
9 J

# 2024-25

# പ്രവർത്തനങ്ങൾ, മികവുകൾ

# പ്രവേശനോത്സവം


CHATTANCHAL HIGHER SECONDARY SCHOOL




JANAB T K ABDUL KHADER HAJI
LEGACY
WELCOME EVE
FOR NEW ADMISSION
MANAGEMENT
CHATTANCHAL HIGHER
SECONDARY SCHOOL


സ്കൂൾ
പ്രവേശനോത്സവം
എല്ലാം
സെറ്റ്

# പരിസ്ഥിദിനാഘോഷം



june–5 പരിസ്ഥിതി ദിനം ബഹു. മാനേജർ ടി.കെ. അസീന ആബിദ് വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു



# യോഗാദിനത്തിലൂടെ











# കലോത്സവ വർണങ്ങൾ_











# കലോത്സവവർണങ്ങൾ







# കലോത്സവവർണങ്ങൾ







# കായികോത്സവം














# ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്



9 th std



8 th std



9 th std



8 th std

# അമ്മയറിയാൻ



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് നടത്തിയ ഡിജിറ്റൽ സാക്ഷരതയും ബോധവൽക്കരണ ക്ലാസും





# ലിറ്റിൽ കൈറ്റ്സ് പുരസ്കാരം




ജില്ലയുടെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള പുരസ്കാരം വിദ്യാഭ്യാസമന്ത്രിയിൽ നിന്നും ചട്ടഞ്ചാൽ ഹയർസെക്കന്ററി സ്കൂൾ ഏറ്റു വാങ്ങി.




ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കുള്ള പുരസ്കാരം സി എച്ച് എസ് എസ് ചട്ടഞ്ചാൽ സ്കൂൾ മന്ത്രി വി ശിവൻകുട്ടിയിൽ നിന്നും ഏറ്റുവാങ്ങുന്നു

# ലിറ്റിൽ കൈറ്റ്സ്; ജില്ലയിലെ മികച്ച യൂണിറ്റുകൾക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി

കാസർകോട്: ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കുള്ള പുരസ്കാരം സ്കൂളുകൾ ഏറ്റുവാങ്ങി. ജില്ലയിലെ മികച്ച യൂണിറ്റായി തെരഞ്ഞെടുത്ത സി എച്ച് എസ് എസ് ചട്ടഞ്ചാൽ സ്കൂളിന് 30, 000/ രൂപയുടെ ക്യാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവുമാണ് ലഭിച്ചത്. തിരുവനന്തപുരം നിയമസഭാ കോംപ്ലക്സിലെ ശങ്കരനാരായണൻ തമ്പി ഹാ... നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാ...ഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയാണ് ജില്ലാതല പുരസ്കാരങ്ങൾ വിതരണം ചെയ്തത്. രണ്ടാം സ്ഥാനം നേടിയ ജി എച്ച് എസ് തച്ചങ്ങാടിന് സ്കൂളിന് 25,000/ രൂ... ശി... പ്രശ...

---

മാധ്യമം



...സി ഫോസ് കാമ്പസിൽ നടന്ന ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പിൽ കാസർകോട് ടീം

## ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പ്

# കൈയടി നേടി കാസർകോട് ടീം

കാസർകോട്: തിരുവനന്തപുരം കാ...വട്ടം ഐ.സി ഫോസ് കാമ്പസി... നടന്ന ലിറ്റിൽ കൈറ്റ്സ് സം...സ്ഥാന ക്യാമ്പിൽ ജില്ല ടീമിന്റെ പ്ര...കടനം ശ്രദ്ധേയമായി. ഡിസംബ... ...ദുർഗ ഹയർ സെക്കൻഡറി ...ൽ നടന്ന ലിറ്റിൽ കൈറ്റ്സ് ...ക്യാമ്പിൽ പങ്കെടുത്ത 82 കു...ട്ടികളിൽ നിന്ന് തിരഞ്ഞെടുത്ത എ...ട്ട് പേരാണ് സംസ്ഥാന ക്യാമ്പിൽ ...ത്തത്.

...ൽ സി.എച്ച്.എസ്.എ...സ് ഹയർ സെക്കൻഡറി സ്കൂളി...ലെ ...ജംഷീദിന്റെ ക്യാ...ങ്ങും ചായ്യോത്ത് ഹയർ സെക്കൻഡറി സ്കൂളിലെ ഹൃഷികേശിന്റെ ഡ്രോസിനസ് ഡിറ്റക്ഷൻ സിസ്റ്റവും മൊഗ്രാൽ പുത്തൂർ ടെക്നിക്കൽ സ്കൂളിലെ മുഹമ്മദ് സിനാന്റെ സ്മാർട്ട് ഹോമും ദുർഗ ഹയർ സെക്കൻഡറി സ്കൂളിലെ മാധവ് കെ. ദയാനന്ദന്റെ ഓട്ടോമാറ്റിക് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റവും കൈയടി നേടി.

അനിമേഷൻ വിഭാഗത്തിൽ ജി.എച്ച്.എസ്.എസ് രാവണീശ്വരം സ്കൂളിലെ അക്ഷയ് കുമാറിന്റെ യുദ്ധവെറിക്കെതിരെയുള്ള ബ്ലൻഡർ അനിമേഷൻ ഷോർട്ട് ഫിലിമും ജി.എച്ച്.എസ്.എസ് മംഗൽപാടിയിലെ മുഹമ്മ... മുസ്തഫയുടെ വയനാട് ദുര...ത്തെപ്പറ്റിയുള്ള ബ്ലൻഡർ 3... അനിമേഷൻ ഷോർട്ട് ഫില... ചായ്യോത്ത് ജി.എച്ച്.എ...സിലെ പ്രിയംവദ നിർമ്മ...നിത വില്യംസിന്റെ ... കാശയാത്ര പ്രമേയമാ... ഹോപ് അനിമേഷൻ... ഫിലിമും ജി.എച്ച്.... ചെമ്മനാട് സ്കൂളി... മുഹമ്മദ് ഷായു... ട്ട് പ്ലാസ്റ്റിക് ഷോർ... കച്ചുനിന്നു.

---

മലയാള മനോരമ



...തെക്കിൽപറമ്പയിൽ നടന്ന കാസർകോട് ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയ ചട്ടഞ്ചാൽ ഹയർസെക്കൻഡറി സ്കൂൾ ടീം.

## കാസർകോട് ഉപജില്ലാ സ്കൂൾ കലോത്സവം

# ചട്ടഞ്ചാൽ എച്ച്എസ്എസിന് ഇരട്ടക്കിരീടം

**എച്ച്എസ്, എച്ച്എസ്എസ് വിഭാഗങ്ങളിൽ യഥാക്രമം 237, 227 എന്നീ പോയിന്റുകൾ നേടി**

ചട്ടഞ്ചാൽ ● കാസർകോട് ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ ഹയർസെക്കൻഡറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ചട്ടഞ്ചാൽ ഹയർസെക്കൻഡറി സ്കൂൾ ജേതാക്കളായി. എച്ച്എസിൽ 237, എച്ച്എസ്എസിൽ 227 എന്നീ പോയിന്റുകൾ നേടിയാണ് ചട്ടഞ്ചാൽ സ്കൂൾ ഇരട്ടക്കലാകിരീടം ചൂടിയത്.

ഹൈസ്കൂളിൽ ഇരിയണ്ണി ജിവിഎച്ച്എസ്എസ് (148), ചെമ്മനാട് ജിഎച്ച്എസ്എസ് (147) ഹയർസെക്കൻഡറിയിൽ ചെമ്മനാട് ജമാഅത്ത് ഹയർസെക്കൻഡറി സ്കൂൾ (225), എരിഞ്ഞിപ്പുഴ ...എച്ച്എസ്എസ് (151) എന്നിവ രണ്ടും മൂന്നും സ്ഥാനം നേടി.

യുപി വിഭാഗത്തിൽ ചെമ്മനാട് വെസ്റ്റ് ജിയുപിഎസ്, കാസർകോട് മൊഡോണ എയുപിഎസ് (76), തെക്കിൽപറമ്പ് ഗവ.യുപിഎസ് (74), കോളിയടുക്കം ജിയുപിഎസ് (70) എന്നിവരും എൽപിയിൽ കുറ്റിക്കോൽ എയുപിഎസ് (63), ബോവിക്കാനം എയുപിഎസ്, ബെണ്ടിച്ചാൽ ...എയുപിഎസ്, ചെമ്പരിക്ക ...എസ്, കാസർകോട് മൊഡോണ (61), കാസർകോട് ചിന്മയ വിദ്യാലയം (60) എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി.

സമാപന സമ്മേളനം സി.എച്ച്. കുഞ്ഞമ്പു എംഎൽഎ ഉദ്ഘാടനം ചെയ്തു. ചെമ്മനാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മൻസൂർ കുരിക്കൾ അധ്യക്ഷത വഹിച്ചു. നടൻ ഉണ്ണിരാജ ചെറുവത്തൂർ, ...അഗസ്റ്റിൻ ബർണാഡ് മൊന്തേരോ, പഞ്ചായത്ത് സ്ഥിരസമിതി അധ്യക്ഷരായ ശംസുദ്ദീൻ തെക്കിൽ, ...രൻ, പഞ്ചായത്ത് അംഗങ്ങളായ കെ.കൃഷ്ണൻ, ആസിയ മുഹമ്മദ്, ചന്ദ്രശേഖരൻ കുളങ്ങര, ജനറൽ കൺവീനർ കെ.ഐ.ശ്രീവത്സൻ, പിടിഎ പ്രസിഡന്റ് പി.സി.നസീർ, കൃഷ്ണൻ ചട്ടഞ്ചാൽ,കെ.രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

01/11/2024 | Kasaragode-town | Page : 04
Source : https://epaper.manoramaonline.com/

---

...ഭൂമി

# ...തിളങ്ങി ചട്ടഞ്ചാൽ സ്കൂൾ



ഹയർസെക്കൻഡറി വിഭാഗം നാടൻപാട്ട് എ ഗ്രേഡ് നേടിയ ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂൾ ടീം

പൊയിനാച്ചി ▸ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തിളങ്ങി ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂൾ. ഇപ്രാവശ്യം കലോത്സവത്തിൽ ഉൾപ്പെടുത്തിയ ഗോത്രകലാ ഇനങ്ങളിൽ ഉൾപ്പെടെ ഹയർ സെക്കൻഡറി വിഭാഗത്തിൽ പങ്കെടുത്ത ...ങ്ങളിലും ഹൈസ്കൂൾ വിഭാഗത്തിൽ ആറിനങ്ങളിലും ചട്ടഞ്ചാലിലെ കുട്ടികൾ എ ഗ്രേഡോടെ മികവ് പുലർത്തി.

ചവിട്ടുനാടകം, നാടൻപാട്ട്, പണിയനൃത്തം, മലപ്പുലയാട്ടം, ഇരുളനൃത്തം എന്നിവയിലാണ് ഹയർ സെക്കൻഡറിയിൽ എ ഗ്രേഡ് നേടിയത്. ചവിട്ടുനാടകം 2012-ലെ സംസ്ഥാന കലോത്സവത്തിൽ ഉൾപ്പെടുത്തിയതുമുതൽ 13-ാം തവണയാണ് ചട്ടഞ്ചാൽ സ്കൂൾ എ ഗ്രേഡ് നേടുന്നത്.

നാടൻപാട്ടിൽ ജില്ലയിൽ രണ്ടാംസ്ഥാനമായിരുന്നതിനാൽ അപ്പീൽ വഴി സംസ്ഥാനതലത്തിൽ പങ്കെടുത്ത് എ ഗ്രേഡ് നേടി. ഹൈസ്കൂൾ വിഭാഗത്തിൽ ചവിട്ടുനാടകം, ഉറുദു ഉപന്യാസം, ഉറുദു കഥാരചന, ഉറുദു കവിതാരചന, പാഠകം, വയലിൻ–പാശ്ചാത്യം എന്നിവയിലാണ് തിളങ്ങിയത്.

പത്താംതരം എച്ചിലെ ഫിദ റെയ്ഹാന പങ്കെടുത്ത ഉറുദു ഉപന്യാസം, കഥാരചന, കവിതാരചന എന്നീ മൂന്നിനങ്ങളിലും എ ഗ്രേഡ് നേടിയത് ത്രിമധുരമായി. തമിഴ് ... ചൊല്ലലിലും ഇരുളനൃത്ത... ഹൈസ്കൂൾ വിഭാഗ... നേടി. ഹൈസ്കൂ...



ഫിദ റെയ്ഹാന · കെ.സി.ദേവനന്ദ · ...

...2025 KASARAGOD Pg 15

---




# സി.എച്ച്.എസ്.എസ് ചട്ടഞ്ചാൽ; ചവിട്ടുനാടക... വിജയത്തിന് ദശാബ്ദ തി...

# TWINKLING STARS







Kasaragod Sub-District
Social Science Fair 2024
HS LEVEL WINNERS
CHSS CHATTANCHAL
Devika Nair C
Elocution (A grade)
Sreenandan M
News Reading
(2nd A grade)
Navaneetha P
Local History writing
(A Grade)
Anjana Rajan
Atlas making
(Second A grade)
Mythili M J Mithilesh M J
Still model
(3rd A grade)
Fathima Jaza
Working model
B Grade
Sana Fathima Shabeer
Working model
(B Grade)
Congratulations
Mahathma Social Science Club CHSS


SCIENCE FAIR 2024
Improvised Experiment
2nd A grade
Sayooj K
Athul Dev M
Research type project
3rd A grade
Shikha Krishnan
Sreekripa K
Working Model
A Grade
Ashwath Krishna D
Vaishnav M
Still Model
A Grade
CH Muhammed Aadhil
Rithulakshmi K


Kasaragod sub Dist.
Mathematics Fair
CHSS CHATTANCHAL
First A grade
Hridya
Number Chart
Aardra
Geometrical chart
A grade
Sreeshna
Puzzle
Alok
still model
Mahroof
Games
Devananda
Other Chart
B grade
CONGRATULATIONS


Kasaragod
കലോത്സവം
തമിഴ് പദ്യം ചൊല്ലൽ
മത്സരത്തിൽ
First with A Grade
കരസ്ഥമാക്കിയ
Nivedya S Nair
CHSS Chattanchal
ഒരായിരം അഭിനന്ദനങ്ങൾ


കാസർകോട് റവന്യൂ ജില്ല
സ്കൂൾ കലോത്സവം
Anantha krishnan k
ഹിന്ദി ഉപന്യാസം
A Grade
അഭിനന്ദനങ്ങൾ
CHSS CHATTANCHAL


CHSS CHATTANCHAL
C V Raman Essay Competition 2nd prize
Sreekripa K
9L


കാസർകോട് റവന്യൂ ജില്ല
സ്കൂൾ കലോത്സവം
Devadathan H(9I)
വയലിൻ പാശ്ചാത്യം
First
with A Grade
അഭിനന്ദനങ്ങൾ
CHSS CHATTANCHAL

# മികവുത്സവം









# LITTLE KITES






S
P
C



G
U
I
D
E
S



J
R
C



# LITTLE KITES TEAM



SHEEBA B S



SREEKUMAR P V



PRASEENA M



ARCHANA M K

# നന്ദി



മാഗസിന് വേണ്ടി പ്രവർത്തിച്ച അണിയറ പ്രവർത്തകർക്കും, സൃഷ്ടികൾ സംഭാവന ചെയ്ത യുവപ്രതിഭകൾക്കും നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഇതിലെ ഓരോ താളുകളും മനോഹരമാക്കാൻ അനുഗ്രഹിച്ച പ്രിയപ്പെട്ട മാനേജർ, പി.ടി.എ, പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ, സ്റ്റാഫ്, വിദ്യാർത്ഥികൾ എല്ലാവർക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

അർച്ചന എം. കെ